# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 20-03-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 4224

## ചെറുകിട തുറമുഖങ്ങളുടെ ശേഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതി കളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ; | (എ) തുറമുഖങ്ങളുടെ വികസനത്തിനായി കണ്ടെയ്നർ ഹാന്റിലിംഗ് ക്രയിൻ, റീച്ച്സ്റ്റാക്കർ, വേബ്രിഡ്ജ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖ ങ്ങളിൽ ടഗ്ഗ് വാങ്ങിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് വി.ടി.എം.എസ് സ്ഥാപിച്ചു, വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ മൊബൈൽ ക്രയിൻ വാങ്ങി. കൊല്ലം തുറമുഖത്ത് വി.ടി.എം.എസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി 450 HP ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളായ നീണ്ടകര, കായംകുളം, പൊന്നാനി, വടകര, തലശ്ശേരി, കണ്ണൂർ, ചെറുവത്തൂർ, നീലേശ്വരം, മഞ്ചേശ്വരം , കാസർഗോഡ് , അഴീക്കൽ , തങ്കശ്ശേരി, വിഴിഞ്ഞം, ബേപ്പൂർ, വലിയതുറ എന്നീ തുറമുഖങ്ങളുടെ കരയിലേയും കടലിലേയും അടിസ്ഥാന സൗകര്യ വികസനവും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കൽ, ആലപ്പുഴയിൽ ബീച്ച് മറീന, ആലപ്പുഴ ഹെറിറ്റേജ് മ്യൂസിയം, വലിയതുറ പോർട്ട് ശക്തിപ്പെടുത്തൽ, മറ്റ് തുറമുഖങ്ങളുടെ പശ്ചാത്തല വികസനത്തിനും ക്യാപ്പിറ്റൽ മെയിന്റനൻസിനും ആവശ്യമായ പ്രവർത്തികൾ |

നടപ്പിലാക്കൽ എന്നിവയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചരക്കുകൾ റോഡ് മാർഗ്ഗത്തിൽ നിന്നും കടൽമാർഗ്ഗം ആക്കുന്നതിനായി ചരക്ക് ഗതാഗതത്തിനായി ആകർഷകമായ പ്രോൽസാഹനം, സബ്സിഡി പദ്ധതികൾ, ജലവാഹനങ്ങൾ നിർമ്മിക്കുന്നതിനായി സാമ്പത്തികസഹായം, തീരദേശ കപ്പൽ ഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിനായി കരുതൽ ധനം സമാഹരിക്കുക, തീരദേശ ഗതാഗതത്തിനുള്ള കപ്പൽ വാടകക്കെടുക്കുക, വേഗതകൂടിയ കറ്റാമറൈൻ സംഭരിക്കുക, പരിശോധനാ ബോട്ടുകൾ വാങ്ങുക എന്നീ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ , ബേപ്പൂർ , അഴീക്കൽ എന്നീ തുറമുഖങ്ങൾ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇവയിൽ ആലപ്പുഴ തീരദേശ യാത്രാ കപ്പൽ സർവ്വീസിനുവേണ്ടി പാസഞ്ചർ ടെർമിനൽ ആയിട്ടാണ് വികസിപ്പിക്കുന്നത്. പൊന്നാനി തുറമുഖം പി.പി.പി മാതൃകയിൽ സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് വികസിപ്പിക്കുന്നത് .

| | | | |
|---|---|---|---|
| (ബി) | 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ 608 കോടി രൂപയിൽ നാളിതുവരെ എത്ര ചെലവായിട്ടുണ്ട് ; തുറമുഖങ്ങൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ; | (ബി) | 2017-18 സാമ്പത്തിക വർഷം തുറമുഖവകുപ്പിന്റെ പദ്ധതി വിഹിതമായി 117.86 കോടി രൂപയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവികസനത്തിന് 200 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. തുറമുഖ വകുപ്പിൽ ഇതുവരെ 187.31 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചെറുകിട തുറമുഖങ്ങൾക്കായി 23 ലക്ഷം രൂപയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായി 175 കോടി രൂപയും അഴീക്കൽ തുറമുഖത്തിനായി 5 കോടി രൂപയും തങ്കശ്ശേരി തുറമുഖത്തിനായി 6.36 കോടി രൂപയും കോഴിക്കോട് ബേപ്പൂർ തുറമുഖങ്ങൾക്കായി 14 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. |

(സി) ആനുപാതികമായ നിരക്കിൽ പ്രസ്തുത തുക വിനിയോഗി ക്കാൻ കഴിയാത്തതിന്റെ കാരണങ്ങളെ സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധന നടത്തിയി ട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ?

(സി) തുറമുഖ വകുപ്പിലെ പല പ്രോജക്ടുകളും സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഏറ്റെടുക്കുന്നത്. പഠന റിപ്പോർട്ടുകൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനുള്ള കാലതാമസവും ടെൻഡർ നടപടിക്രമങ്ങളും പദ്ധതികൾ നടപ്പാക്കുമ്പോഴുണ്ടാകുന്ന കാലാവസ്ഥാ പ്രശ്നങ്ങളും പ്രോജക്ടുകളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**